പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3000

22-02-2016 ൽ മറുപടിക്ക്

## മണ്ണ് സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തി

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

മറുപടി

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ വഴി നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ വഴി നടപ്പിലാക്കുന്നതിനായി ആർ.ഐ..ഡി.എഫ് XVII-ൽ ഉൾപ്പെടുത്തി വടകോട് മണ്ണ് സംരക്ഷണ പദ്ധതി, ആർ.ഐ..ഡി.എഫ് XIX-ൽ ഉൾപ്പെടുത്തി മാലയിൽ പരുത്തിയറ മണ്ണ് സംരക്ഷണ പദ്ധതി, മാവറത്തോട് മണ്ണ് സംരക്ഷണ പദ്ധതി,പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പൻകോട് വാട്ടർഷെഡ്, പൊലിക്കോട് വാട്ടർഷെഡ് എന്നീ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതിയും അതിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും നൽകുമോ? | ((ബി) | 108.12 ലക്ഷം അടങ്കലായുള്ള മാലയിൽ പരുത്തിയറ മണ്ണ് സംരക്ഷണ പദ്ധതിയിൽ നാളിതുവരെ 25.76013 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 49.08 ലക്ഷം രൂപ അടങ്കലായുള്ള മാവറത്തോട് മണ്ണ് സംരക്ഷണ പദ്ധതിയിൽ നാളിതുവരെ 25.80254 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെട്ട കമ്പൻകോട്, പൊലിക്കോട് വാട്ടർഷെഡ് പദ്ധതികൾക്ക് അടങ്കൽ തുക യഥാക്രമം 13 ലക്ഷം, 9.5625 ലക്ഷം രൂപയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ